(2-ാം പേജിൽനിന്നും തുടർച്ച)

താമസിയാതെ അന്തരിച്ചുപോകയും ചെയ്തു. (1)

അറബികളുടെ പൌരാണിക യുദ്ധകഥകളിൽ അധികം പങ്കും ഗദ്യകാവ്യങ്ങളാണ്. പണ്ടത്തെ ഒരു അറബി പ്രമാണിയായ "അന്തറാ"യുടെ വിക്രമപരാക്രമങ്ങളേയും യുദ്ധസാമർത്ഥ്യങ്ങളേയും കുറിച്ച് വിവരിക്കുന്ന 'ഖിസ്സത്തു അന്തറാ' എന്ന കാവ്യം 32 (മുപ്പത്തിരണ്ട്) വാല്യമാണ്. ഇതു അറബിഭാഷയിലെ 'ഇലിയഡ്' ആണെന്നാണ് ഒരു ഫ്റഞ്ചു സാഹിത്യകാരൻ അഭിപ്രായപ്പെടുന്നതു. "യമനി"ലെ രാജാവായിരുന്ന 'സൈഫ്', നടത്തിയ പടകളെപ്പററി വർണ്ണിക്കുന്ന 'സീറത്തുസൈഫ്', എന്ന പുസ്തകം 17 (പതിനേഴ്) വാല്യവും ഫ്റഞ്ചുഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട്. 'ബനീ ഹിലാൽ, ഗോത്രക്കാരുടെ നാനൂറുവർഷത്തെ യുദ്ധചരിത്രങ്ങളടങ്ങിയ ഗ്രന്ഥം ഏതാണ്ട് ഫിർദൌസിയുടെ ഷഹ്നാമായോടു സാമ്യമുള്ളതാണ്. അതിലെ ഒരു സംഭവം ഇവിടെ സംഗ്രഹിക്കാം. 'അമീർറിസ്ഖി, എന്നയാളിന്റെ ഒരു ഭാര്യ 'ഹെജാസി,ലെ രാജാവിന്റെ പുത്രിയാണ്. ഈ സ്ത്രീ ഒരു നീഗ്രോകുട്ടിയെ (കറുത്തകുഞ്ഞിനെ) പ്രസവിച്ചു. കാരണം ഒരു കറുത്തപക്ഷി തന്റെ ശത്രുവായ ഒരു വെളുത്ത പറവയെ ദ്വന്ദ്വയുദ്ധത്തിൽ തോല്പിച്ചതു കണ്ടുകൊണ്ട് നിന്ന ഗർഭിണിയായ ആ രാജകുമാരി "എന്റെ ഗർഭത്തിലിരിക്കുന്ന കുഞ്ഞ് കറുത്തവനായാലും ഇതുപോലെ വിക്രമപരാക്രമമുള്ളവനായിരിക്കണമെ"ന്നു ആഗ്രഹിച്ചതാണ്. ഈ കറുത്ത കുട്ടിയെ കണ്ട ഭർത്താവ് ഭാര്യയെ സ്വപിതാവിന്റെ പക്കൽ അയച്ചുകളഞ്ഞു. "ബറക്കാത്തു" എന്ന ഈ കുട്ടി ധീരനായ ഒരു യോദ്ധാവായിത്തീർന്നു. ഒരു യുദ്ധത്തിൽ ബറക്കാത്തു, തന്റെ പിതാവിനോടു ഏററിടഞ്ഞു, അദ്ദേഹത്തെ വധിക്കാൻ ഭാവിച്ചപ്പോൾ അമ്മ, ഓടിവന്നു പ്രതിരോധിച്ച് അതു അച്ഛനാണെന്നറിയിക്കയും അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുംചെയ്തു. ഷഹ്നാമായിൽ ഏതാണ്ട് ഇതിനോടു സാമ്യമുള്ള ഒരുകഥയുണ്ട്. പക്ഷേ അതു ദുഃഖപര്യവസായിയാണ്. 'റസ്തമി'ന്നു (2) ഒരു ആൺകുട്ടി ജനിച്ചപ്പോൾ പട്ടാളത്തിൽ എടുത്തുകൊള്ളുമെന്ന ഭയത്താൽ, പെൺകുഞ്ഞാണെന്നു് കുട്ടിയുടെ മാതാവു പറഞ്ഞു. പെൺസന്താനത്തോട് തീരെ വാത്സല്യമില്ലായിരുന്ന റസ്തവാകട്ടെ ശിശുവിനെപ്പററി അന്വേഷിച്ചതേയില്ല. 'സുഹ്റാബ്', എന്ന ഈ പുത്രൻ പിന്നീടു സ്വപിതാവുമായി യുദ്ധം ചെയ്യാനിടയാവുകയും, പുത്രനെ അറിയാതെ റസ്തം എതിരാളിയെ വധിക്കയും ചെയ്യുവെന്നുള്ളതാണ് കഥ.

(തുടരും)

---

* സുലൈമാൻ അഫന്തിയുടെ അറബി പരിഭാഷ പദ്യമായിട്ടുതന്നെയാണ്.

1) പൌരാണിക ഗ്രന്ഥങ്ങളേയും ഗ്രന്ഥകാരന്മാരേയുംപററി വിവരിക്കുന്ന 'കഷ്ഫുസ്സുനൂൻ, എന്ന അറബിപുസ്തകത്തിൽ ഫിർദൌസിത്തവിലിന്റെ ഈ കൃതിയെപ്പററിപ്പറയുന്നു.

2) പൌരാണിക പേർഷ്യൻ കഥകളിലെ പന്ത്രണ്ടു പ്രസിദ്ധ യോദ്ധാക്കളിൽ ഒരാളാണ് 'റസ്തം'.

# മുസ്ലിം യുവാക്കളോടു

(വി. എം. ഫാത്തിമ ബീവി)

ഇന്നത്തെ മുസ്ലിം സമുദായത്തിന്റെ അവസ്ഥ തുലോം പരിതാപകരമാണ്. ലോകം മുഴുവനും പരിഷ്കാരത്തെ മുൻനിറുത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നാണല്ലോ വിശ്വസിച്ചുപോരുന്നതു്. എന്നാൽ മുസ്ലിം സമുദായത്തിന്റെ ഭൂതകാലചരിത്രത്തേയും ആധുനികാവസ്ഥയേയും താരതമ്യപ്പെടുത്തിനോക്കിയാൽ സമുദായം ദൈനംദിനം അധഃപതിച്ചു വരുന്നതായിക്കാണാം.

ഏതൊരു സമുദായത്തിന്റേയും പുരോഗമനം ആ സമുദായത്തിലെ യുവാക്കന്മാരെ ആശ്രയിച്ചാണിരിക്കുന്നതു്. ഉണർവും പ്രസരിപ്പും, കാര്യക്ഷമതയുമുള്ള യുവാക്കന്മാരുടെ ഔചിത്യപൂർവ്വകമായ പ്രവർത്തനങ്ങളാണ് സമുദായത്തെ മുന്നോട്ടു നയിക്കേണ്ടതു്. വിദ്യാഭ്യാസമാണ് സമുദായപുരോഗതിക്കത്യന്താപേക്ഷിതം എന്നാണു വയ്പ്പ്. എന്നാൽ അതിന്റെ പേരിലുള്ള അനാശാസ്യപ്രവർത്തനങ്ങൾ തന്നെയാണ് മുസ്ലിം സമുദായത്തിന്റെ പുരോഗമനത്തിന് വിഘ്നമായി നിൽക്കുന്നതു്. യുവാക്കന്മാർ അലസന്മാരായിത്തീർന്നാൽ പിന്നീടുള്ള അവസ്ഥ വിവരിക്കേണ്ട ആവശ്യകതയില്ലല്ലോ.

മുൻപാണെങ്കിൽ മുസ്ലിംകളിൽ ആരുംതന്നെ തൊഴിലില്ലായ്മ ശീലിച്ചിരുന്നില്ല. തങ്ങളുടെ കഴിവനുസരിച്ചുള്ള ഏതെങ്കിലും തൊഴിലിൽ അവർ ഏർപ്പെട്ടിരുന്നു. യാചിക്കുന്നതിനേക്കാൾ എന്തെങ്കിലും പ്രവൃത്തികൾ ചെയ്തു ജീവിക്കുക എന്നുള്ള പ്രവാചകോപദേശത്തെ അവർ ആദരിച്ചുവന്നു. വെററിലക്കച്ചവടമോ, ബീഡിചുരുട്ടോ, തടിക്കച്ചവടമോ ഏതായിരുന്നാലും അവർ സസന്തോഷം ചെയ്തിരുന്നു. തൊഴിലില്ലായ്മ എന്തെന്ന് അന്നത്തെ മുസ്ലിം സമുദായം അറിഞ്ഞിരുന്നില്ല. മുസ്ലിംകളുടെ വാണിജ്യസാമർത്ഥ്യം ചരിത്രപ്രസിദ്ധവുമാണ്.

ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥയെക്കുറിച്ചു ചിന്തിക്കാം. ആർക്കും ഇന്നു സ്വതന്ത്രങ്ങളായ ജോലികൾ ചെയ്ത് ജീവിക്കണമെന്നാശയില്ല. വയററിൽ തീകത്തിയെരിഞ്ഞാലും നീട്ടിയുടുത്തു് മുടിയും ചീകി നടക്കണം. എത്ര കഷ്ടപ്പെട്ടാലും ബീഡിചുരുട്ടാനോ അതുപോലുള്ള തൊഴിലിനോ പോകയില്ല. അതൊക്കെ വളരെ കുറച്ചിലാണുപോലും! സ്വല്പം എന്തെങ്കിലും കൂടുതൽ വിദ്യാഭ്യാസം ലഭിച്ചുപോയെങ്കിൽ പിന്നെ ഉദ്യോഗംകൊണ്ടുമാത്രമേ തൃപ്തിപ്പെടുകയുള്ളു. അങ്ങനെ ഇന്നു് ഒരുമാതിരി വിദ്യാഭ്യാസം ലഭിച്ചവരെല്ലാം ഉദ്യോഗത്തിന്റെ പിന്നാലെ ഓടിനടക്കുകയാണ്. അതേസമയം ഇതരമതസ്ഥരാകട്ടെ നാം ഉപേക്ഷിക്കുന്ന ഓരോ തൊഴിലുകളും സ്വീകരിക്കാൻ തയാറാകുന്നു. പാക്കുകച്ചവടത്തേയും തടിക്കച്ചവടത്തേയും മററും ഇതരസമുദായക്കാർ ആക്ഷേപിക്കുന്നു. അവയുപേക്ഷിക്കാൻ അവരുപദേശിക്കുന്നു. എന്നാൽ ആ ഉപദേശത്തിന്റെ പിന്നിൽ നമ്മെ ഉന്തിമറിക്കുവാനുള്ള ഒരു കുഴി അവർ തോണ്ടുന്നുണ്ടെന്നുള്ളതു് വിസ്മരിക്കരുതു്. കച്ചവടക്കാരായ മുസ്ലിംകളെ മുതലാളി എന്നു വിളിച്ച് അവർ പരിഹസിക്കുന്നു. അതേസമയം അവരുടെ സമുദായത്തിലുള്ള കച്ചവടക്കാർ മുതലാളി എന്നുള്ള സ്ഥാനം അഭിമാനത്തോടെ സ്വീകരിക്കുന്നു. ഇങ്ങനെ നോക്കിയാൽ മുസ്ലിം സമുദായം ദിനംപ്രതി നാശോന്മുഖമായി പ്രയാണം ചെയ്യുന്നു എന്നു മനസ്സിലാക്കാം. ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ലഭിക്കുന്നതാണ്. കൊല്ലത്തെ മുസ്ലിംകളുടെ പണ്ടത്തെയും ഇപ്പോഴത്തെയും അവസ്ഥതന്നെയാണ് മകുടോദാഹരണം.

വിദ്യാഭ്യാസത്തിന്റെ പേരിലാണ് ഇന്നത്തെ മുസ്ലിം യുവാക്കൾ പ്രവൃത്തികളിലേർപ്പെടാതിരിക്കുന്നതു് എന്നുള്ളതു് ലജ്ജാവഹം തന്നെ. വിദ്യാഭ്യാസം ഒരു സമുദായത്തെ ജോലിചെയ്തു ജീവിക്കുന്നതിൽനിന്നു തടയുന്നുവെങ്കിൽ ഞാൻ പറയുന്നു എന്റെ സമുദായത്തിനു വിദ്യാഭ്യാസം വേണ്ടെന്ന്. അലസതയാണ് വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതെങ്കിൽ മുസ്ലിംകൾക്ക് ആ മാതിരി വിദ്യാഭ്യാസം ആവശ്യമില്ല. ഏതായാലും മുസ്ലിം യുവാക്കൾ ഇതരസമുദായങ്ങളുടെ പുരോഗമനവും മുസ്ലിം സമുദായത്തിന്റെ അധഃപതനവും ശരിക്കു മനസ്സിലാക്കി വേണ്ടതു പ്രവർത്തിക്കണമെന്നാപേക്ഷിച്ചുകൊള്ളുന്നു.


# ദന്തചൂർണ്ണം

പല്ലുവേദന, പല്ലിളക്കം, മോണപഴുപ്പ്, വായ്നാററം മുതലായ രോഗങ്ങളെ പരിഹരിക്കുവാനും അവ വരാതിരിക്കുവാനും എന്നും എല്ലാവർക്കും പല്ലുതേക്കുവാൻ വിശേഷം. രണ്ടുമാസത്തേക്കു് ൧ രൂപാ.

വൈദ്യകലാനിധി
ഡാക്ടർ പി. എൻ. പിള്ള
ഡി. എസ്. എം. പൊൻകുന്നം.

# "വനിത"

കന്നിലക്കം വനിതയിൽ

(കഥാമാലിക)

ചെറുകഥകൾ:—1, സ്നേഹം.
കുമകര നാരായണക്കുറുപ്പ് ബി. ഏ.
2. യോഗിനിഅമ്മ.
ഇടവാ ജമാൽ, എം. എ.
3. മധുവിധു.
തങ്കമ്മവർഗ്ഗീസ്, വിദുഷി ആനേഴ്സ്
4. സ്വതന്ത്ര.
ജി. ബാലകൃഷ്ണപിള്ള.

മററു ലേഖനങ്ങളും വായിക്കാം.

വരിസംഖ്യ 3 ക. ഒററപ്രതി 4 ണ. കന്നിലക്കം ഒററപ്രതി വില്പനയ്ക്കുള്ള ഓർഡർ ഇനി സ്വീകരിക്കുന്നതല്ല.